LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഭൂമിയിൽ എവിടെയെങ്കിലും സ്വകാര്യ വ്യക്തികൾ കൈയേറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) കറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തിന്റെ കൃത്യമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. റവന്യൂ, സർവ്വെ ഡിപ്പാർട്ടുമെന്റുകളിൽനിന്നും പ്രസ്തുത വിവരങ്ങൾ ശേഖരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബന്ധപ്പെട്ട ഭൂമിയുടെ പ്രമാണങ്ങൾ റവന്യൂ, സർവ്വെ ഡിപ്പാർട്ടുമെന്റുകളിൽ ആണ് സൂക്ഷിച്ചുവരുന്നത്.

(സി) കയ്യേറ്റം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാഞ്ഞങ്ങാട് ജലവിഭവ പദ്ധതികൾ**

**133 (4936)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന് കീഴിൽ നടത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി വിവരം, തുക, സ്ഥലം എന്നിവ തിരിച്ച കണക്കുകളുടെ പട്ടിക വെളിപ്പെടുത്താമോ ?

ഉത്തരം

(എ & ബി)

ജലസേചന വകുപ്പ്

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ്

ഭൂജല വകുപ്പിന് കീഴിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റി

കേരള ജലഅതോറിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

ജലനിധി

ജലനിധി ഒന്നാംഘട്ടത്തിൽ കോടോംബേളൂർ പഞ്ചായത്തിൽ 2604 പേർക്ക് കുടിവെള്ളം ലഭ്യമാകുന്ന 85 പദ്ധതികൾ പൂർത്തീകരിച്ച് 2006-07 കാലയളവിൽ ഗുണഭോക്തൃ സമിതികൾക്ക് കൈമാറുകയുണ്ടായി. രണ്ടാം ഘട്ടത്തിൽ രണ്ടാം ബാച്ചിൽ ബളാൽ പഞ്ചായത്തിൽ 27 കുടിവെള്ള പദ്ധതികൾക്കായി 7.30 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കായി 3.68 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ആ പദ്ധതികളിൽ 2 എണ്ണം കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ മൂന്നാം ബാച്ചിൽ കിനാനൂർ കരിന്തളം പഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ തുക കണക്കാക്കപ്പെട്ടിട്ടില്ല.

**കിടങ്ങറയിലെ പാലം പുനർനിർമ്മാണം**

**134 (4937)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.സി. കനാലിനുകുറുകെ കിടങ്ങറയിൽ ഉള്ള ഇടുങ്ങിയ പാലം പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) മനക്കച്ചിറമുതൽ ഒന്നാംകരവരെയുള്ള കനാൽ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എ.സി. കനാലിന് കുറുകെ കിടങ്ങറയിലുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ഡിസൈൻ ലഭിക്കാത്തതിനാലും നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള താമസവും നേരിട്ടതിനാൽ 13-ാം ധനകാര്യ കമ്മീഷന്റെ പ്രവൃത്തികളിൽനിന്നും പ്രസ്തുത നിർമ്മാണം ഒഴിവാക്കിയിരുന്നു. എന്നാൽ 14-ാം ധനകാര്യ കമ്മീഷന്റെ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് എ.സി. കനാലിന്റെ കുറുകെ മാമ്പുഴക്കരി ഭാഗത്ത് ചെയ്തിരിക്കുന്ന പാലത്തിന്റെ മാതൃകയിലും അതുപോലെ ക്ലിയറൻസ് ലഭിക്കുന്ന വിധത്തിലും 6x6 മീറ്റർ ബോക്സ് കൽവെർട്ടിന്റെ ഒരു കൂട്ടമായി ടി പാലം നിർമ്മാണം നടത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മനയ്ക്കൽ ചിറ മുതൽ ഒന്നാം കരവരെയുള്ള എ.സി. കനാൽ നിർമ്മാണത്തിന് നാളിതുവരെ 5,99,19,709 രൂപ ചെലവഴിച്ചിട്ടുണ്ട്.

## നിലയ്ക്കൽ വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം

135 (4938) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകർക്കുകൂടി പ്രയോജനംചെയ്യുന്ന നിലയ്ക്കൽ വാട്ടർ സപ്ലൈ പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; വിശദമാക്കാമോ ;

(ബി) നിലയ്ക്കൽ കൂടാതെ ഏതൊക്കെ പ്രദേശത്താണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുകയെന്ന് അറിയിക്കുമോ ?

**ഉത്തരം**

(എ) ശബരിമല തീർത്ഥാടകർക്ക് കൂടി പ്രയോജനം ചെയ്യുന്ന നബാർഡിന്റെ ധനസഹായത്തോടെ ആവിഷ്കരിച്ചിരിക്കുന്ന സീതത്തോട്-നിലയ്ക്കൽ ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഇൻ ടേക്ക് കിണർ, പമ്പ് ഹൗസ്, 13 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല എന്നീ ഘടകങ്ങളുടെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ജലശുദ്ധീകരണശാല പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ളതാണ്. എന്നാൽ കെ.എസ്.ഇ.ബി.-യുടെ പ്രോജക്ടിന് സുരക്ഷിതത്വ പ്രശ്നമുള്ളതുകൊണ്ട് ഈ സ്ഥലം വിട്ടുനൽകാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിൽനിന്നും വ്യത്യസ്ഥമായി ഇൻ ടേക്ക് കിണറിന് സമീപമുള്ള കെ.എസ്.ഇ.ബി.-യുടെ സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതുതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി.യിൽ നിന്നും വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലയ്ക്കൽ കൂടാതെ സീതത്തോട് പഞ്ചായത്തും പ്ലാപ്പള്ളി ഏരിയയും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

## പുഴകളുടെയും തോടുകളുടെയും സംരക്ഷണം

**136 (4939)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പുഴകളുടെയും തോടുകളുടെയും അതിർത്തി നിശ്ചയിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുഴുവൻ തോടുകളുടെയും പുഴകളുടെയും അതിർത്തി സർവ്വേ നടത്തി നിശ്ചയിക്കുവാനും കല്ലുകൾ സ്ഥാപിച്ചു സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് തോടുകളും പുഴകളും നിലനിർത്താൻ പദ്ധതി നടപ്പാക്കുമോ ?

**ഉത്തരം**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂവകുപ്പാണ് സർവ്വേ നടത്തുന്നത്. റവന്യൂവകുപ്പ് സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള ഒരു പദ്ധതിയും നിലവിലില്ല. അതാത് പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് നിലവിൽ പുഴകളുടേയും തോടുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

## കന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

**137 (4940)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ പണി പൂർത്തീകരിച്ച് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ ട്രാൻസ്മിഷൻ മെയിൻ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയൊഴിച്ച് മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മൂന്നുതവണ ടെണ്ടർ ചെയ്യുകയുണ്ടായി. രണ്ടുതവണയും അനുയോജ്യമായ ഓഫർ ലഭിച്ചിട്ടില്ല. മൂന്നമത്തെ തവണ ലഭിച്ച ടെണ്ടർ പ്രകാരമാണ് പ്രവൃത്തി നടന്നുവരുന്നത്. ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി 88 % പൂർത്തീകരിച്ചു.

(സി) പദ്ധതിയുടെ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് 2016 മാർച്ചിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## തോട്ടപ്പള്ളി സ്പിൽവേ

**138 (4941)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 8.35 കോടി രൂപ ചെലവുവരുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ലീഡിംഗ് ചാനൽ ഡ്രഡ്ജ് ചെയ്യുന്നതിനും കടൽ മുഖത്തുള്ള മണ്ണ് മാറ്റുന്നതിനും മറ്റും ഇതുവരെ സ്വീകരിച്ച നടപടികൾ, ചെലവഴിച്ച തുക സഹിതം വിശദമാക്കാമോ ?

ഉത്തരം

(എ) തോട്ടപ്പള്ളി സ്പിൽവേയിൽ 40 എണ്ണം പഴയ ഷട്ടറുകൾ മാറ്റി പുതിയ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുന്നതിന് 8,61,57,331 രൂപയുടെ ഭരണ സാങ്കേതിക അനുമതികൾ നൽകിയിരുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ, മെക്കാനിക്കൽ എറണാകുളം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ വിളിക്കുകയും മെസ്സേഴ്സ് എം.എ.ആർ. ഫാബ്രിക്കേറ്റേഴ്സ് ഇന്ത്യ (പ്രൈവറ്റ് ലിമിറ്റഡ്) കർണ്ണാടക എന്ന സ്ഥാപനവുമായി 12-5-2014-ലെ 01/4-15/എസ്.ഇ./എം.ഇ. സി.എച്ച്./ഇറിഗേഷൻ നമ്പർ പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് 20 പുതിയ ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. പാർട്ട് ബിൽ ലഭിക്കുന്നമുറയ്ക്ക് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് കോൺട്രാക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) തോട്ടപ്പള്ളി സ്പിൽവേയുടെ കിഴക്ക് ഭാഗത്തെ കായൽവശം ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്നതിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡിപ്പാർട്ടുമെന്റ് ഡ്രഡ്ജിന്റെ വാടക ഒഴിവാക്കി 56,01,000 (അമ്പത്തിയാറ് ലക്ഷത്തി ആയിരം) രൂപ അനുവദിക്കുകയുണ്ടായി ടി. പ്രവൃത്തി 22-3-2014-ൽ തുടങ്ങുകയും അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തു. എം.എസ്.എൽ.നിന്നും 2.7 മീറ്റർ ആഴത്തിൽ ഡ്രഡ്ജ് ചെയ്യുന്നതിനായി 20-2-2015-ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## ജലാശയങ്ങളുടെ കയ്യേറ്റം

**139 (4942)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ ജലാശയങ്ങളെ കൈയ്യേറ്റത്തിൽനിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ; ഇവയെ റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളെയും കയ്യേറ്റത്തിൽനിന്നും വീണ്ടെടുത്തും റവന്യൂ രേഖകളിൽ ഉൾപ്പെടുത്തിയും സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഭൂജല റീ-ചാർജ് പ്രക്രിയയുടെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ സംരംഭത്തിനായി സർക്കാർ ഏതെല്ലാം തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

### ഉത്തരം

(എ&ബി) ജലാശയങ്ങളെ കയ്യേറ്റത്തിൽനിന്നും സംരക്ഷിക്കുന്നതിനായി ജലസേചന വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി എല്ലാ ഉദ്യോഗസ്ഥൻമാർക്കും പ്രത്യേക നിർദ്ദേശം നൽകി ജലസേചനവകുപ്പ് ചീഫ് എഞ്ചിനീയർ 12-11-2013-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട റവന്യൂ അധികൃതരുമായി ചേർന്ന് കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകളിൽ ജലാശയങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഭൂജലവകുപ്പ് കഴിഞ്ഞ കുറേകാലങ്ങളായി ഭൂജലസംരക്ഷണവും കൃത്യമായ സംപോഷണവും എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നദികളുടെ ഭാഗമായിട്ടുള്ള ചെറിയ കൈവഴികളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെറിയ തടയണ നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. 2014-15-ൽ നാല്

LIBRARY ARCHIVES Kerala Legislative Assembly

തടയണകളുടെ നിർമ്മാണം ഭൂജലവകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിയ്ക്കായി നാൽപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം അഞ്ച് തടയണകളുടെ നിർമ്മാണം നടന്നുവരുന്നു. ജലവിതാനം കുറയുന്ന സ്ഥലങ്ങളിൽ ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

## ചേർത്തലയിലെ പൊതു തോടുകൾ, കനാലുകൾ, കുളങ്ങൾ നവീകരണം

**140 (4943)** <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പിന്റെ ചുമതലയിൽ ചേർത്തല മണ്ഡലത്തിൽ നവീകരിച്ച പൊതുതോടുകളും കനാലുകളും പൊതുകുളങ്ങളും ഏതെല്ലാമാണെന്നും അതിനായി വിനിയോഗിക്കപ്പെട്ട തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) ചേർത്തലയിലെ ഏതെല്ലാം പൊതുകുളങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ; ഇവയുടെ നവീകരണ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി.കനാൽ, മിൽസ് കനാൽ തുടങ്ങിയവയും ഫാക്ടറി മാലിന്യങ്ങൾ അടിഞ്ഞുകൂടി പകർച്ചവ്യാധികളും ക്യാൻസറും അടക്കം ഒട്ടേറെ ആരോഗ്യഭീഷണിക്ക് കാരണമാകുന്ന വാരനാട്-പുത്തോട്ടുതോടും വൃത്തിയാക്കി ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനും നിരവധി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടും ഇനിയും പരിഗണിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചേർത്തല മണ്ഡലത്തിൽ തോടുകളും കനാലുകളും ഉൾപ്പെടെ മേജർ ഇറിഗേഷൻ മുഖാന്തിരം എട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിനായി 14,36,400 രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* മൈനർ ഇറിഗേഷൻ മുഖാന്തരം അഞ്ച് പൊതു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തോടുകൾ നവീകരിച്ചു. ഇതിനായി 71 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പൊതുകുളങ്ങൾ നവീകരണം നടത്തിയിട്ടില്ല. പ്രവൃത്തികളുടെ വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ബി) നവീകരണം നടത്തേണ്ട പൊതുകുളങ്ങളുടെ പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ ചീഫ് എഞ്ചിനീയർ (ഐ&എ)യോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ചേർത്തലയിലെ നഗരഭാഗത്തോട് ചേർന്നുകിടക്കുന്ന എ.എസ്.കനാൽ, റ്റി.ബി. കനാൽ, മിൽസ് കനാൽ, പൂത്തോട്ട വാരനാട് തോട് എന്നിവ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കുട്ടനാട്ടിലെ പൈപ്പ് ലൈനുകളുടെ അറ്റകുറ്റപണികൾ

**141 (4944)** ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ കാലപ്പഴക്കത്തിൽ തകരുന്ന പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾക്ക് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പഞ്ചായത്ത് തിരിച്ച് മുമ്പ് നിലവിൽ ഉണ്ടായിരുന്നതുപോലെ വാർഷിക പൈപ്പ് ലൈൻ മെയിന്റനൻസ് കോൺട്രാക്ട് പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുമ്പ് നിലവിലുണ്ടായിരുന്ന അവസ്ഥ പുനഃസ്ഥാപിക്കുന്നതിനായി വാർഷിക അറ്റകുറ്റപ്പണികൾക്ക് ദർഘാസ് ക്ഷണിച്ചിട്ട് ആരും പങ്കെടുത്തിട്ടില്ല. ആയതിനാൽ ആവശ്യാനുസരണം ക്വട്ടേഷനുകൾ ക്ഷണിച്ചാണ് ഇപ്പോൾ അറ്റകുറ്റപ്പണികൾ നടത്തിവരുന്നത്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ സമർപ്പിച്ച പ്രവൃത്തികൾ

**142 (4945)** ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ജലവിഭവ വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നബാർഡ് ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച നാല് പ്രോജക്ടുകളിൽ ഇപ്പോൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ;

(ബി) നബാർഡിന്റെ ആർ. ഐ. ഡി. എഫ്. 21 സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റുകളാണ് ജലവിഭവവകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആർ.ഐ.ഡി.എഫ്. XVII സ്കീമിൽ ഉൾപ്പെടുത്തിയ നാല് പ്രോജക്ടുകളിൽ ഒരു പ്രവൃത്തിക്ക് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. കണ്ണപുരം പഞ്ചായത്തിൽ അയ്യോത്ത് ആയിരം തെങ്ങിൽ പുത്തരിത്തോൽ തോടിന് കുറുകെ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തിയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അടങ്കൽ തുക - 40.00 ലക്ഷം രൂപ

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തുന്നതിനായി മൂന്ന് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നു :

1. കണ്ണപുരം പഞ്ചായത്തിൽ കയറ്റയിൽ മുക്കോല ബണ്ടിൽ ഒരു SWECB-യുടെ നിർമ്മാണവും ഒരു എർതൻ ബണ്ട് നിർമ്മാണവും. അടങ്കൽ തുക 42.00 ലക്ഷം രൂപ.

2. ചെറുകുന്ന് പഞ്ചായത്തിൽ മുട്ടിൽകാപ്പ് റെഗുലേറ്ററിന്റെ അഭിവൃദ്ധിപ്പെടുത്തൽ അടങ്കൽ തുക - 104.65 ലക്ഷം രൂപ.

3. ചെറുകുന്ന് പഞ്ചായത്തിൽ ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റലിന് സമീപം റി. സർവ്വേ നമ്പർ 122 ൽ ഒരു SWECB-യുടെ നിർമ്മാണ പ്രവൃത്തി. അടങ്കൽ തുക -53 ലക്ഷം രൂപ.

## മുല്ലപ്പെരിയാർ അണക്കെട്ടിന് തീവ്രവാദി ഭീഷണി

**143 (4946)** ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന് പാക് ഭീകര സംഘടനകളുടെ ഭീഷണിയുള്ളതായി റിപ്പോർട്ടുകളുണ്ടോ ;

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ കേന്ദ്ര സേനയെ ഏല്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച അഭിപ്രായം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് റിപ്പോർട്ടിലെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ സംസ്ഥാന സർക്കാരിന് ലഭ്യമായിട്ടുണ്ട്. അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ചകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയും ജാഗ്രതയും വേണമെന്ന കാര്യം പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കായി CISF-നെ നിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ട് 19-11-2014-ൽ തമിഴ്നാട് സുപ്രീം കോടതിയിൽ ഒരു I.A (No.25/2014) ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ ഡാമിന്റെ സുരക്ഷ സംബന്ധിച്ച വിഷയം കേരള സംസ്ഥാനത്തിൽ നിക്ഷിപ്തമാണെന്നും അത് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിർവഹിക്കുമെന്നുമുള്ള നിലപാട് കേരളം സുപ്രീം കോടതിയെ അറിയിച്ചിട്ടുമുണ്ട്. ഈ വിഷയം ഇപ്പോൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്. മുല്ലപ്പെരിയാറിലെ സുരക്ഷാ ജോലികൾക്കായി കേന്ദ്ര സേനയെ (CISF-നെ) നിയോഗിക്കേണ്ട ആവശ്യമില്ലെന്നും പ്രസ്തുത ജോലികൾ കേരളാ പോലീസ് തന്നെ ചെയ്യുന്നതാണ് ഉത്തമമെന്നും ഉള്ള വിവരങ്ങൾ ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയേയും കേന്ദ്ര സർക്കാരിനെയും അറിയിക്കാനുള്ള നടപടിയും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. ഇതിനായി ഒരു അസിസ്റ്റന്റ് കമാൻഡന്റിന്റെ ഉൾപ്പെടെ 124 തസ്തികകളും ഇവിടേയ്ക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 85 ലക്ഷം രൂപ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മാണം

**144 (4947)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും കടവ് നവീകരണത്തിനുമായി 20 ലക്ഷം രൂപയും കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും അനുവദിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ.-ലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ) എം.എൽ.എ. നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത കത്തിന്മേൽ മാവേലിക്കര മണ്ഡലത്തിലെ വാഴുവാടിക്കടവിൽ അച്ചൻകോവിലാറിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും, കടവു നവീകരണത്തിനുമായി 18 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 25-3-2013-ൽ ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർ ആലപ്പുഴയുടെ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവർത്തി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

കരിമ്പിൻകാവ് പ്രദേശത്ത് അച്ചൻകോവിലാറിന്റെ തെക്ക് ഭാഗം സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം സാമ്പത്തികാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി&ഇ) കരിമ്പിൻകാവ് പ്രദേശത്തെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. 2014 പ്രകാരം, ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തി കാനുമതിനൽകി പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

## എടവണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജ്

**145 (4948)** ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിലെ എടവണ്ണ പള്ളപ്പാറ പന്നിമുക്ക് എന്ന സ്ഥലത്ത് ചാലിയാറിന് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇല്ലെങ്കിൽ ഭരണാനുമതി അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഐ.ഡി.ആർ.ബി. ഡിസൈൻ പ്രകാരമുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ മെക്കാനിക്കൽ പ്രവൃത്തികളുടെ ഡിസൈനും എസ്റ്റിമേറ്റും കിട്ടേണ്ടതുണ്ട്. ആയത് മെക്കാനിക്കൽ ചീഫ് എഞ്ചിനീയറിൽനിന്ന് ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി

**146 (4949)** ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കടലാക്രമണ ഭീഷണി നേരിടുന്ന വലിയ പറമ്പ് ബീച്ച് പഞ്ചായത്തിൽ കരകെട്ടി സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly